## പുസ്തകം പുസ്തകം

# സഹനം

**ഡോ. യൂസുഫുല്‍ ഖറദാവി**




മനുഷ്യന്റെ അതിവിശിഷ്ട ഗുണങ്ങളിലൊന്നാണ് സഹനം അഥവാ ക്ഷമ. സഹനം എന്ന അര്‍ഥം വരുന്ന 'സ്വബ്ര്‍' എന്ന പദം ഖുര്‍ആനിലും ഹദീസിലും ധാരാളമായി പ്രയോഗിച്ചതുകാണാം. ക്ഷമയെക്കുറിച്ച് ഡോ. യൂസുഫുല്‍ ഖറദാവി രചിച്ച 'അസ്സ്വബ്‌റു ഫില്‍ ഖുര്‍ആന്‍' എന്ന കൃതിയുടെ പരിഭാഷയാണ് 'സഹനം.' ക്ഷമയുടെ യാഥാര്‍ഥ്യവും അനിവാര്യതയും, ക്ഷമയുടെ മേഖലകള്‍, ക്ഷമയുടെയും ക്ഷമാലുക്കളുടെയും പദവി തുടങ്ങിയ അഞ്ച് അധ്യായങ്ങള്‍. ക്ഷമ ഭീരുത്വത്തിന്റെ പര്യായമല്ല, എല്ലാറ്റില്‍നിന്നും മാറി നില്‍ക്കുന്നതിലൂടെ നേടാവുന്നതുമല്ല. യുക്തിബോധത്തോടെ ജീവിത സാഹചര്യങ്ങളെ നേരിടലാണതെന്ന് ഡോ. ഖറദാവി വിശദീകരിക്കുന്നു. ലളിത ഭാഷയില്‍ വിവര്‍ത്തനം നിര്‍വഹിച്ചിരിക്കുന്നത് സി.ടി അബൂദര്‍റ്.

**പേജ്: 103, വില: 45**

**ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ് കോഴിക്കോട്**

---

# കാഞ്ഞിരപ്പള്ളി ചരിത്രത്തിലൂടെ

**എം.എന്‍ മുഹമ്മദ് കാസിം**




കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി വലിയ സാംസ്‌കാരിക പാരമ്പര്യമുള്ള നാടാണ്. 'കാഞ്ഞിരപ്പള്ളി ചരിത്രത്തിലൂടെ' എന്ന എം.എന്‍ മുഹമ്മദ് ഖാസിമിന്റെ പുസ്തകം വലിയൊരു സാഹസികയജ്ഞം തന്നെയാണ്. സുദീര്‍ഘമായ പതിനഞ്ച് അധ്യായങ്ങളുള്ള പുസ്തകത്തില്‍ മുസ്‌ലിം സാമൂഹിക പുരോഗതിയെക്കുറിച്ച് 109 പേജുള്ള സമഗ്രപഠനം തന്നെയുണ്ട്. ഓരോവിഷയത്തിന്റെയും ചരിത്രത്തിനു പുറമെ വര്‍ത്തമാനാവസ്ഥകളെയും വിശകലനം ചെയ്യുന്നു. സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും ഫോട്ടോകളും ചേര്‍ത്തിട്ടുണ്ട്. ചരിത്ര രചനാ മേഖലക്ക് മികച്ച സംഭാവനയാണ് ഈ പുസ്തകം.

**പേജ്: 664, വില: 300.**

**പ്രസാധനം ഹിസ്റ്ററി സ്റ്റഡിസെന്റര്‍ കാഞ്ഞിരപ്പള്ളി**
**വിലാസം: എം.എന്‍ മുഹമ്മദ് കാസിം പുതുപ്പറമ്പില്‍, നെല്ലിമല, കാഞ്ഞിരപ്പള്ളി, കോട്ടയം**